# നീര അബ്കാരി നിയമത്തിൽ നിലനിർത്തി പഠന റിപ്പോർട്ട്

**സൂപ്പി വാണിമേൽ**

കാസർകോട്: നീര ഉൽപാദനവും വിതരണവും സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ഉന്നതതല സമിതി റിപ്പോർട്ട് തയാറാക്കി. ചെത്ത് തൊഴിലാളി നേതാക്കൾക്ക് മുൻതൂക്കമുള്ള സമിതിയുടെ റിപ്പോർട്ട് നീരയെ അബ്കാരി നിയമ പരിധിയിൽ നിന്ന് പുറത്ത് കൊണ്ടുവരുകയെന്ന ലക്ഷ്യം അട്ടിമറിച്ചതായാണ് സൂചന. റിപ്പോർട്ട് അടുത്ത ദിവസം സർക്കാറിന് സമർപ്പിക്കും.

എക്സൈസ് കമീഷണർ അനിൽ സേവ്യർ ചെയർമാനായി കഴിഞ്ഞ ജനുവരി 15നാണ് സമിതിയെ നിയോഗിച്ചത്. ജോയൻറ് കമീഷണർ ആർ.കെ. ശ്രീകുമാരൻ ചെട്ടിയാർ, കള്ളുചെത്ത് തൊഴിലാളി നേതാക്കളായ എൻ. അഴകേശൻ, കെ.എം. സുധാകരൻ, ടി.എൻ. രമേശൻ, എം.കെ. ഉണ്ണികൃഷ്ണൻ, കേരള കാർഷിക സർവകലാശാല അസോ. ഡയറക്ടർ ഡോ. വി.കെ. രാജു, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. മുരളീധരൻ, കർഷക പ്രതിനിധി ബാബുജോസഫ് പുതുപ്പറമ്പിൽ എന്നിവരാണ് അംഗങ്ങൾ. മാർച്ച് 15നകം റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. അബ്കാരി നിയമ പരിധിയിൽ നിന്നുകൊണ്ട് തന്നെ നീര ഉൽപാദിപ്പിക്കണമെന്നാണ് ശിപാർശ. യൂനിയനുകൾ മുഖേന അംഗീകാരം നേടിയ ചെത്ത് തൊഴിലാളികൾക്കോ ബിവറേജസ് കോർപറേഷനോ അല്ലാതെ നീര ഉൽപാദിപ്പിക്കാൻ അവകാശമില്ലെന്ന അബ്കാരി ചട്ടം തുടരണമെന്ന ശാഠ്യത്തിലായിരുന്നു ചെത്ത് തൊഴിലാളി നേതാക്കൾ. മധുരക്കള്ള് എന്ന അപഖ്യാതിയിൽ നിന്ന് നീരയെ രക്ഷിക്കാൻ ഭേദഗതി അനിവാര്യമാണെന്ന കേര വികസന ബോർഡിൻെറ നിർദേശത്തിന് വഴങ്ങി ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ധാരണയായി.

ഇറക്കുമതി ചെയ്യുന്ന നീര അടുത്ത ഏപ്രിലിൽ ആസിയാൻ കരാർ പ്രാബല്യത്തിൽ വരുന്നതോടെ വിപണി കൈയടക്കും. അതിനുമുമ്പ് വിപുല രീതിയിൽ ഉൽപാദനം തുടങ്ങേണ്ടതുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

ഈവർഷം സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ നീര യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു.